# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1125 | | 12.07.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ഖരമാലിന്യ നിർമ്മാർജ്ജനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.കെ.ബി.ഗണേഷ് കുമാർ | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് ഖരമാലിന്യങ്ങൾ വർദ്ധിച്ചത് കൊണ്ട് ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാന വ്യാപകമായി ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ഒരു സ്ഥിരം സംവിധാനം നടപ്പിലാക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പഞ്ചായത്ത് തലത്തിൽ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ കേന്ദ്രീകൃതമായി അവിടെത്തന്നെ നിർമ്മാർജ്ജനം ചെയ്യുന്ന 'ചെറുകിട പ്ലാന്റുകൾ' എന്ന പദ്ധതി നടപ്പിലാക്കാൻ കഴിയുമോ? | (സി) | മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട് ഗ്രാമപഞ്ചായത്തുകൾ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കേന്ദ്രീകൃത പ്ലാന്റുകളിൽ എത്തപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി വീടുകൾ തോറും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികളാണ് ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്നത്. ഇതിനായി ശുചിത്വമിഷന്റെ സഹായത്തോടെ ഗ്രാമപഞ്ചായത്തുകൾ പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ